ആസ്പിരിൻ പ്ളാന്റിന്റെ പുനരുദ്ധാരണം

22 (2819) ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കഴക്കൂട്ടത്തു പ്രവർത്തിക്കുന്ന ആസ്പിരിൻ പ്ളാന്റിന്റെ (കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലി.) പുനരുദ്ധാരണത്തിനു വേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്ളാന്റിന്റെ വൈവിധ്യവൽക്കരണം പദ്ധതിയായ എൽ.പി. ഗ്യാസ് സിലിണ്ടർ ടെസ്റ്റിംഗിനുവേണ്ടി നൽകിയ നിർദ്ദേശത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഈ സ്ഥാപനത്തിൽ ഇപ്പോൾ എത്ര തൊഴിലാളികൾ ഉണ്ട്; അവർക്ക് കൃത്യമായി ശമ്പളം നൽകുന്നുണ്ടോ?

(ഇ) ഇല്ലെങ്കിൽ എത്ര മാസത്തെ ശമ്പളം കുടിശ്ശികയുണ്ടെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(എഫ്) ഇവർക്ക് ശമ്പളം നൽകുന്നതിനും ജോലിസ്ഥിരത ഉറപ്പുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ)&(ബി) തിരുവനന്തപുരത്ത് കഴക്കൂട്ടത്തുള്ള കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റിഡ്, യു.എൻ.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തി അതിന്റെ വിദഗ്ധർ പഠിച്ചുവരുന്നു. അവരുടെ റിപ്പോർട്ട് കിട്ടിയ ശേഷം യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) യു.എൻ.ഡി.പി. റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ എൽ. പി. സിലിണ്ടർ ടെസ്റ്റിന്റെ കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(ഡി) ഇപ്പോൾ ഈ സ്ഥാപനത്തിൽ 101 തൊഴിലാളികളുണ്ട്. അവർക്ക് കൃത്യമായി ശമ്പളം നൽകുന്നില്ല.

(ഇ) 1994 ഏപ്രിൽ മാസം മുതൽ 1996 മാർച്ച് മാസം വരെയും (24 മാസം) 1999 ഫെബ്രുവരി മാസം മുതൽ ഇതുവരെയുള്ള 5 മാസത്തെ ശമ്പളം കുടിശ്ശികയാണ്. സാമ്പത്തിക പരാധീനതയാണ് ശമ്പളം നൽകാത്തതിന്റെ കാരണം.

(എഫ്) യു.എൻ.ഡി.പി. വിദഗ്ധരുടെ റിപ്പോർട്ട് കിട്ടിയതിനു ശേഷം യുക്തമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

അങ്കമാലി പ്രീമിയർ കേബിൾസ്

23 (2820) ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി പ്രീമിയർ കേബിൾസ് എന്നാണ് ലോക്കൗട്ട് ചെയ്തത്. ഇതിനുള്ള കാരണമെന്തായിരുന്നു;

(ബി) ഈ സ്ഥാപനം ലോക്കൗട്ടു ചെയ്യുന്ന അവസരത്തിൽ എത്ര തൊഴിലാളികളാണ് അവിടെ ജോലി ചെയ്തിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലോക്കൗട്ട് ചെയ്തിരിക്കുന്ന ഈ സ്ഥാപനം ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1991 സെപ്തംബറിലാണ് ലോക്കൗട്ട് ചെയ്തത്. വ്യവസായ പ്രതിസന്ധിയും സാമ്പത്തിക ബുദ്ധിമുട്ടുകളുമായിരുന്നു കാരണങ്ങൾ.

(ബി) 530 പേർ.

(സി) ഇല്ല.

(ഡി) കമ്പനി ലിക്വിഡേറ്റ് ചെയ്യാൻ ഉത്തരവായി. ഈ അവസരത്തിൽ വീരജ് ഇംപെക്സ് എന്ന സ്ഥാപനം പ്രീമിയർ കേബിൾസ് ഏറ്റെടുക്കുവാൻ തയ്യാറായി മുന്നോട്ടുവന്നു. പക്ഷേ അവരുടെ നിബന്ധനകളും മറ്റും ധനകാര്യസ്ഥാപനങ്ങൾക്ക് സ്വീകാര്യമായില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി./ചീഫ് എക്സിക്യൂട്ടീവ് എന്നിവരുടെ നിയമനം

24 (2821) ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി./ചീഫ് എക്സിക്യൂട്ടീവ് എന്നിവരെ നിയമിക്കുന്നത് സംവരണ തത്വം അനുസരിച്ചാണോ;

(ബി) അല്ലെങ്കിൽ എന്തുകൊണ്ട്;

(സി) എസ്.സി/എസ്.റ്റി.യിൽപ്പെട്ട എത്ര എം.ഡി./ചീഫ് എക്സിക്യൂട്ടീവ്മാർ ഇപ്പോൾ ഉണ്ട്;

(ഡി) പിന്നോക്ക സമുദായത്തിൽപ്പെട്ട ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തെ ഈ നിയമനങ്ങളിൽ അവഗണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അല്ല.

(ബി) എം.ഡി./ചീഫ് എക്സിക്യൂട്ടീവ്മാരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ ആണ് നടത്തുന്നത്. ഇവർ കമ്പനികളിലെ റഗുലർ ജീവനക്കാരല്ലാത്തതുകൊണ്ട് ഇവരുടെ നിയമനത്തിൽ ജാതി സംവരണം പാലിക്കാൻ പ്രയാസമാണ്. പുറമെ പ്രത്യേക യോഗ്യതയുള്ളവരെ നോക്കിയാണ് ഇവരെ നിയമിക്കുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly